LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ: പ്രത്യേക കാരണമൊന്നുമില്ല. മറ്റുള്ള അത്യാവശ്യസ്ഥലങ്ങളിലെ ഭവനനിർമ്മാണജോലികൾ അവസാനിപ്പിച്ചിട്ട് ഇക്കാര്യത്തെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. എ. വി. ജോസഫ്: അതു എത്രയും വേഗത്തിൽ നടപ്പിൽ വരുത്തുവാൻ ഗവൺമെന്റു ആലോചിക്കുമോ?

ശ്രീ. എ. ജെ. ജോൺ: ആലോചിക്കാം.

ശ്രീ. പി. കെ. ഡിവർ: കഴിഞ്ഞയാണ്ടിൽ പണിചെയ്ത കഴിഞ്ഞിട്ടുള്ള വീടുകൾ ഇനിയും താമസത്തിനായി കൊടുത്തിട്ടില്ലെന്നുള്ള വിവരം ഗവൺമെന്റിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: ചില വീടുകൾ അങ്ങിനെ കണ്ടേക്കും. എന്നാൽ അതു് എഗ്രിമെന്റ് എഴുതി പിടിക്കുവാനുണ്ടായ കാലതാമസവും അസൌകര്യവും കൊണ്ടുണ്ടായതാണ്.

ശ്രീ. പി. കെ. ഡിവർ: യഥാർത്ഥകാരണം ആ വീടുകളിൽ ചിലരുടെ പണി തീരാത്തതാണെന്നു പറയുന്നതിൽ വല്ല പരമാർത്ഥവുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. വി. തേവൻ: പിന്നോക്കസമുദായക്കാരിൽ കർഷകതൊഴിലാളികൾക്കു കൂടി ഉൾപ്പെടുമോ; അവർക്കുകൂടി വീടുണ്ടാക്കി കൊടുക്കുമോ?

ശ്രീ. എ. ജെ. ജോൺ: കർഷകതൊഴിലാളികൾക്കുകൂടി ഭവനങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതിനു പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീ. ടി വി. തേവൻ: അതിലേക്ക് പ്രത്യേകം തുക നീക്കി വെച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ, മതു ലക്ഷം രൂപ അതിലേക്ക് അലോട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. പി. എം. ഫ്രാൻസിസ്: ഏതെങ്കിലും ഒരു സ്ഥലത്തു ഭവനമില്ലാത്തവർക്ക അതുണ്ടാകുവിക്കൊടുത്തുകഴിഞ്ഞതിനു ശേഷമാണോ വേറെ സ്ഥലത്തു് വീട് ഉണ്ടാക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: അല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇപ്പോൾ പെരുമ്പാവൂരിൽ പിന്നോക്ക സമുദായക്കാർക്കുവേണ്ടി നൂറു ഏക്കർ സ്ഥലത്തു് കെട്ടിടങ്ങൾ കെട്ടിവരുന്നില്ലേ?

ശ്രീ. എ. ജെ. ജോൺ: അതു പിന്നോക്കസമുദായ സംരക്ഷക ഡിപ്പാർട്ടുമെന്റിന്റെ അലോട്ടുമെന്റിൽനിന്നുമാണ് കെട്ടിവരുന്നതു്.

ശ്രീ. പി. സി. ഗോദിച്ചൻ: കർഷക തൊഴിലാളികൾക്കു വീടുകൾ ഉണ്ടാക്കിവരുന്നതു ഭവനനിർമ്മാണ സ്പെഷ്യലാഫീസർ മുഖേനയാണോ?

ശ്രീ എ. ജെ. ജോൺ: അതേ.

അറസ്റ്റ്

*൯൫ ൦. (നം ൯) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

൧൯൫൭ ൦ ഏപ്രിൽമാസത്തിനു ശേഷം സംസ്ഥാനത്തിൽ ഒട്ടാകെ എത്ര കമ്യൂണിസ്റ്റുകാരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്രപേർ ലോക്കപ്പിൽ കിടന്നു മരിച്ചിട്ടുണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണ പിള്ള):

ഫെബ്രുവരി 10 ഏപ്രിൽ മാസത്തിനു ശേഷം രണ്ട് കമ്മ്യൂണിസ്റ്റുകാരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അതിൽ ഒരു പേർ രോഗം പിടിപെട്ട ആശുപത്രിയിൽവെച്ചു മരിച്ചിട്ടുണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: രോഗം പിടിപെടാതെ വല്ലവരും മരിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മറുപടിയിൽ അങ്ങനെയാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഓരോരുത്തർക്കും പിടിപെട്ടിട്ടുള്ള രോഗങ്ങൾ എന്തെല്ലാമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: ആശുപത്രിയിൽ കൊണ്ടുപോകാതെ ആരെങ്കിലും മരിച്ചിട്ടുണ്ടോ?

ശ്രീ ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതിൽ മിക്ക രോഗികളും പിത്തം പിടിച്ചല്ലേ മരിച്ചത്?

ശ്രീ. ടി. കെ. നാരായണപിള്ള: അത് അന്വേഷിച്ചാലറിയാം.

ദ്രുനികൃതി

*൯൫൨ (൪൦) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കൊച്ചിയും തിരുവിതാംകൂറുംതമ്മിൽ ദ്രുനികൃതിയിൽ ഏക്കറിനു എത്ര വ്യത്യാസമുണ്ട്; അതു സമീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

കൊച്ചിയിലെ ദ്രുനികൃതി റേറ്റുകളുടെ ഒരു പട്ടിക മേശപ്പുറത്തു വെച്ചിട്ടുണ്ട്. തിരുവിതാംകൂറിൽ ദ്രുനികൃതി ഏക്കറിനു ക്രമപ്പെടുത്തുന്നതു രണ്ടു വിഭാഗങ്ങളുടേയും ദ്രുനികൃതി സമീകരിക്കുന്ന കാര്യം ലാൻഡ് കമ്മിറ്റിയുടെ ആലോചനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം വേണ്ട തീരുമാനം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly